റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) 2003-04 വർഷത്തിൽ വരൾച്ചയും കാലവർഷവും മൂലം ആകെ 1,531.79 കോടി രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം 84 പേർക്ക് ജീവഹാനി സംഭവിക്കുകയും, 13 പേരെ കാണാതാവുകയും, 140 പേർക്ക് പരിക്ക് പറ്റുകയും, 997 വീടുകൾ പൂർണ്ണമായി നശിക്കുകയും, 14129 വീടുകൾക്ക് ഭാഗികമായി നാശനഷ്ടം സംഭവിക്കുകയുമുണ്ടായി.

(ബി) കാലവർഷക്കെടുതിയിൽ ഈ വർഷം 84 പേർ മരിച്ചിട്ടുണ്ട്. ഇവരിൽ പ്രായപൂർത്തിയായവരുടെ ആശ്രിതർക്ക് 50,000 രൂപ വീതവും, കുട്ടികളുടെ ആശ്രിതർക്ക് 15,000 രൂപ വീതവും, പരിക്കേറ്റവർക്ക് അർഹമായ ധനസഹായവും നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ജില്ല തിരിച്ചുള്ള കൃഷിനാശത്തിന്റെ കണക്ക് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഡി) വീട് നഷ്ടപ്പെട്ടവർക്ക് ബന്ധപ്പെട്ട തഹസിൽദാർ മുഖേനയും, കൃഷി നശിച്ച കർഷകർക്ക് പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേനയും ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

'സമാഗമം പരിപാടി'

*19 [139] ശ്രീ. എ. പി. അനിൽ കുമാർ:

,, കെ. എ. ചന്ദ്രൻ:

,, ജോർജ്ജ് ജെ. മാത്യു:

,, എം. പി. ഗംഗാധരൻ:

,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽനിന്ന് തിരിച്ചു വരുന്നവർക്കുവേണ്ടി തിരുവനന്തപുരത്ത് 'സമാഗമം' എന്ന പേരിൽ ഒരു പരിപാടി നടത്തുകയുണ്ടായോ;

(ബി) ഇതോടനുബന്ധിച്ച് എത്തിയ പ്രവാസികൾക്കുവേണ്ടി എന്തെല്ലാം പദ്ധതികൾ പ്രഖ്യാപിച്ചു എന്നും ഇവയിൽ എന്തെല്ലാം നടപ്പാക്കിയെന്നും വ്യക്തമാക്കുമോ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) നടത്തിയിട്ടുണ്ട്.

(ബി) പ്രഖ്യാപിക്കപ്പെട്ട പദ്ധതികളും അവയിന്മേലുള്ള നടപടികളും അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം I

‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly